ലക്കം–4/ഏപ്രിൽ, 2013

# ഹവിസ്സ്

ആത്മ സാക്ഷാത്കാരത്തിന്റെ നേർവഴി



# കണികാണുന്നേരം...

വിഷുപ്പക്ഷി വീണ്ടും വിരുന്ന വരുകയായി. മലയാളിയ്ക്ക് വിഷു എന്നും പുതുമയാണ്. കൺനിറയെ കാണവാൻ കണിയൊരുക്ക്, ക്ഷേത്ര ദർശനം, പുതിയ വസ്ത്രം, വിഷുകൈ നീട്ടം... എല്ലാ കണ്ണുകളിലും സ്നേഹത്തിന്റെ, സാഹോദര്യത്തിന്റെ പൊൻ തിളക്കം... കുട്ടികൾ പ്രത്യേകിച്ചും ഉല്ലാസത്തിലാണ്. പരീക്ഷയുടെ ഭാരമെല്ലാം കഴിഞ്ഞ്, നീണ്ട വേനലവധിയുടെ തുടികൊട്ടുമായി അവരെ വരവേൽക്കുന്ന ഉത്സവമാണ് വിഷു. കൈ നിറയെ വിഷുകൈ നീട്ടം... മാവും കശുമാവും പ്ലാവും പുളിയും ആഞ്ഞിലിയും എല്ലാം അവർക്കായി കാത്തിരിക്കുന്നു, കനികളുമായി. കളിയും ചിരിയുമായി ജീവിതത്തിന്റെ നല്ലകാലം പങ്കിട്ടതിന്റെ ഗൃഹാതുരത്വം മുതിർന്നവർക്ക്...

മലയാളിയ്ക്ക് പുതുവർഷത്തിന്റെ വിഷുകൈനീട്ടമായെത്തിയ ഹവിസ്സിന്റെ ആദ്യ വിഷുക്കാഴ്ചയാണിത്. കണിക്കൊന്നകൾ മാടി വിളിക്കുന്ന പുതുയുഗം സ്വപ്നം കാണുന്ന ഹവിസ്സിന് വിഷു പരമ പ്രധാനം... ഗുണസമ്പന്നതയുടെ, സമൃദ്ധിയുടെ, സ്നേഹത്തിന്റെ, സന്തോഷത്തിന്റെ, സാഹോദര്യത്തിന്റെ ഈ കണി എന്നും കണികാണുവാൻ ഹവിസ്സ് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. ഈ സ്വപ്നസാക്ഷാത്കാരത്തിനായി സമയവും സങ്കല്പവും ജീവിതം തന്നെയും ഉഴിഞ്ഞു വച്ച ഒരു കൂട്ടം അക്ഷരസ്നേഹികളുടെ ഈ കൂട്ടായ്മ അതിന്റെ എല്ലാ വായനക്കാർക്കും ഹൃദയം നിറഞ്ഞ **വിഷുദിനാശംസകൾ** നേരുന്നു.

ജീവിതം ഉത്സവമാക്കുന്നതിൽ മലയാളി എന്നും മുൻപിലാണ്. ജീവിതശൈലിയിലാണെങ്കിലും പെരുമാററത്തിലാണെങ്കിലും ഭാരതത്തിന്റെ മററു ഭാഗങ്ങളിലുള്ളവരിൽ നിന്നും ഒരു വ്യത്യാസം മലയാളി എന്നും പുലർത്തിപ്പോന്നു. വർഷങ്ങളായി ദില്ലിയിലും മുംബെയിലും താമസമാക്കിയ മലയാളികൾ പോലും അവരുടെ സംസ്കാരത്തനിമ കൈവിടാതെ നോക്കുന്നത് എന്നും അത്ഭുതകരമായിത്തോന്നിയിട്ടുണ്ട്. മലയാളിയെപ്പോലെ ഇത്രയധികം ഹാസ്യം കൈമുതലായുള്ളവരും തുച്ഛമാണ്.

എന്നിരുന്നാലും, കാലത്തിന്റെ കുത്തൊഴുക്കിൽ ജീവിതത്തിന്റെ സ്വരതന്ത്രികളിൽ നിന്നുയരുന്ന ചില അപസ്വരങ്ങൾ എങ്കിലും നമ്മുടെ ഉത്സവങ്ങൾക്ക് മങ്ങലേല്പിക്കുന്നുവോ എന്ന സംശയം, മലയാളി ഉള്ളറിഞ്ഞ് ചിരിക്കുവാൻ മറന്നു തുടങ്ങിയോ എന്നൊരു ശങ്ക, അവന്റെ ആഘോഷങ്ങൾ വെറും കാട്ടായം മാത്രമായിത്തീരുകയാണോ എന്നൊരു അന്ധാളിപ്പ്! ആത്മാർത്ഥതയിൽ അടിയുറച്ച ബന്ധങ്ങൾ, വാക്കിലെയും പ്രവൃത്തിയിലെയും സത്യസന്ധത ഇവയൊക്കെ മലയാളിയ്ക്കും കൈമോശം വന്നു തുടങ്ങിയിട്ട് നാളുകൾ കുറച്ചായിരിക്കുന്നു. പിച്ചിയുടെയും മന്ദാരത്തിന്റെയും തുളസിയുടെയും ചെമ്പകത്തിന്റെയും ചന്ദനത്തിന്റെയും സുഗന്ധം പേറി വന്നിരുന്ന മലയാളിയിൽ നിന്നും ഇന്നുയരുന്നത് സ്പിരിററിന്റെ മദിപ്പിക്കുന്ന ഗന്ധമാണെന്നത് നമുക്കിനിയും മറച്ചു വയ്ക്കുവാനാവാത്ത സത്യമായി വളർന്നു കഴിഞ്ഞിരിക്കുന്നു. ഭരണതന്ത്രജ്ഞതയിൽ ലോകത്തിനു തന്നെ മാതൃകയായിരുന്ന അനേകം മഹത്‌വ്യക്തികളെ സംഭാവന ചെയ്ത കേരളത്തിന്റെ ഇന്നത്തെ സ്ഥിതി ഭരിക്കുന്നവരെയും ഭരിക്കപ്പെടുന്നവരെയും അപഹാസ്യരാക്കുന്നതാണ്. കണികാണുവാനുള്ള വിഭവങ്ങൾക്കു പോലും അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട ഗതികേടിലേയ്ക്ക് അധഃപതിച്ച ഓരോ മലയാളിയുടെയും മുഖത്ത് തെളിയുന്നത് സ്വർണ്ണത്തിളക്കമല്ല, വാടിത്തളർന്ന കണിവെള്ളരിക്കയുടെ അതേ മഞ്ഞളിപ്പു തന്നെയാണെന്നതും ദയനീയമായ സത്യമാണ്.

പ്രകൃതി സൗന്ദര്യത്താൽ അനുഗ്രഹീതമാണ് നമ്മുടെ നാട്. അതുപോലെ അനുഗ്രഹീതമാകട്ടെ നമ്മുടെ പ്രകൃതവും. ഒരു ദിവസത്തെ ചടങ്ങ് എന്നതിനുപരിയായി, ജീവിതത്തിന്റെ ഓരോ നിമിഷവും പുതുമയും നിറവും അനുഭവിക്കുവാൻ നമുക്കാകട്ടെ. ഇന്ദ്രിയങ്ങളുടെ അടിമകളായി, ജീവിതബന്ധങ്ങളുടെ താളംതെററിപ്പോയ ഒരു തലമുറയിൽ നിന്നും തുമ്പപ്പൂവിന്റെ നൈർമല്യവും തുളസിയുടെ പരിശുദ്ധിയുമുള്ള, മണ്ണിനും അതിൽ പൊന്നു വിളയിക്കുന്നവർക്കും എന്നും ബഹുമാനം നൽകുന്ന ഒരു പുതുതലമുറ വളർന്നു വരട്ടെ. തീർച്ചയായും മലയാളിയ്ക്ക് ഇതിനാകും, തന്റെ ഉള്ളിന്റെ ഉള്ളിലേയ്ക്ക് ഒന്ന് ഊളിയിടുവാൻ തയ്യാറായാൽ മാത്രം മതി. ഓരോ മലയാളിയും അതിനു തയ്യാറെടുക്കുമ്പോൾ ഹവിസ്സിന്റെ ജന്മം സാർത്ഥമാകും, ഒരു വിഷുക്കണിപോലെ.

## താളുകൾ മറിക്കുമ്പോൾ


സ്വയത്തോട് സ്നേഹമുള്ളവർക്ക് ........ ദാദി ജാനകി
ജീവിത മൂല്യങ്ങൾ........ബി.കെ.സുരേന്ദ്രൻ, ബംഗലൂർ
സ്നേഹം........ബി.കെ. ശോഭാദേവി, തിരുവനന്തപുരം
വിടരുവാൻ വെമ്പുന്ന മനസ്സ്........ഡോ. വത്സലൻ നായർ, മൗണ്ട് ആബു
ഗുണപാഠം........
അലസതയും അതിജീവനവും........ബി.കെ. ജഗദീഷ് ചന്ദ്ര ഹസീജ
ജീവിതം 16 കലാ സമ്പന്നം........ഈശ്വരീയ പാഠ്യക്രമം
സഹജ രാജയോഗം........ബി.കെ.അനിൽ
ഒരു ചെറിയ കാര്യം........ബി.കെ. രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം
ഈശ്വരീയ സേവനം കേരളത്തിൽ........ബി.കെ. രഘുനാഥൻ മാമ്പള്ളി, ചാത്തന്നൂർ

## പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയം






എല്ലാ ജാതിയിലും മതത്തിലും വർഗ്ഗത്തിലും പെട്ട ഞങ്ങൾ 137 രാജ്യങ്ങളിലായി വ്യാപിച്ചിരിക്കുന്ന പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയത്തിന്റെ 8500 രാജയോഗ കേന്ദ്രങ്ങളിൽ നിത്യേന ക്ലാസ്സുകളിൽ പങ്കെടുക്കുന്നു. 55 രാജയോഗ കേന്ദ്രങ്ങളിലൂടെയും അയുടെ അനേകം ശാഖോപശാഖകളിലൂടെയും മലയാളത്തിന്റെ മണ്ണിലും ബ്രഹ്മാകുമാരീസ് അതിന്റെ ജൈത്രയാത്ര തുടരുകയാണ്.

എല്ലാ വിശ്വാസ സംഹിതകളെയും ബഹുമാനിക്കുന്ന, യുക്തിയുക്തമായി ആത്മാവിന്റെയും ഈശ്വരന്റെയും, സമയത്തിന്റെയും, കർമ്മത്തിന്റെയും സ്വഭാവ രീതികൾ വിശദീകരിക്കുന്ന, ജ്ഞാനദീപ്തമായ ഒരു ജീവിതരീതി വർണ്ണിക്കുന്ന ആദ്ധ്യാത്മിക പഠനമാണ് ഞങ്ങൾ ഇവിടെ നടത്തുന്നത്.

മനസ്സിനെ ശാന്തമാക്കുന്ന, നമ്മുടെ ആന്തരീകവും ബാഹ്യവുമായ ലോകവുമായി ആരോഗ്യകരമായ ഐക്യം വളർത്തുന്ന, ഒരു ധ്യാന മാർഗ്ഗം ഞങ്ങൾ അഭ്യസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. അനേകം സാമൂഹ്യ പ്രവർത്തനങ്ങളിലൂടെയും സഹയോഗങ്ങളിലൂടെയും ആദ്ധ്യാത്മിക ധാരണയും സമഗ്രമായ നേതൃത്വവും ഞങ്ങൾ പ്രോത്സാഹിപ്പിക്കുകയും കൂടുതൽ മെച്ചപ്പെട്ട ഒരു ലോകത്തിനായി ഉത്കൃഷ്ടമായ കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നു.

**തന്റെ ശുഭഭാവനയിലൂടെ ഓരോ ആത്മാവിനും ആശീർവ്വാദം നൽകുകയും ക്ഷമിക്കുകയും ചെയ്യുന്നവരാണ് മംഗളകാരികൾ.**

പേരും പദവിയും പ്രശസ്തിയും ത്യാഗം ചെയ്ത് പരിധിയില്ലാത്ത സേവനത്തിൽ മുഴുകുന്നവരാണ് പരോപകാരികൾ.



**ബഹു. ഡോ. ദാദി ജാനകി**
മുഖ്യ പ്രശാസിക, ബ്രഹ്മാകുമാരീസ്

## സ്വയത്തോട് സ്നേഹമുള്ളവർക്ക് മാത്രമേ ക്ഷമിക്കുവാൻ സാധിക്കൂ

സ്നേഹം നമുക്ക് ക്ഷമിക്കുവാനുള്ള ശക്തി നൽകുന്നു. നാം സ്നേഹിക്കുന്ന വ്യക്തിയോട് ക്ഷമിക്കുവാൻ നമുക്ക് ആവുന്നതു പോലെ, നാം സ്വയം സ്നേഹിക്കുകയാണെങ്കിൽ നമ്മോടും നമുക്കും ക്ഷമിക്കുവാനാകും. അപ്പോൾ മാത്രമേ പിൻകാല ചെയ്തികളുടെ കെട്ടുപാടുകളിൽ നിന്നും മുക്തരായി പാഠം ഉൾക്കൊള്ളുവാനും പുരോഗമിക്കുവാനും നമുക്കാകൂ.

സ്വയം തെററു ചെയ്യുന്നതായി കാണുമ്പോൾ, ഞാൻ എന്നെ ഓർമ്മിപ്പിക്കാറുണ്ട്, ഇതിൽ നിന്നും എനിക്ക് പാഠം ഉൾക്കൊള്ളേണ്ടിയിരിക്കുന്നു, ഞാൻ മേലിൽ ഈ തെററ് ആവർത്തിക്കുവാൻ പാടില്ല.

## സമയം സഫലമാക്കൽ

### സമയം സഫലമാക്കൽ ബുദ്ധിയാണ്.

നമ്മുടെ സ്ഥൂല സമ്പത്തുക്കളെക്കുറിച്ച് നമുക്ക് സാധാരണയായി നല്ല ബോധ്യമുണ്ട്, അവ നാം നന്നായി ഉപയോഗിക്കാറുമുണ്ട്. എന്നാൽ നാം പലപ്പോഴും സമയത്തെക്കുറിച്ച് അത്ര ബോധ്യവാന്മാരാകാറില്ല. സമയം സഫലമാക്കുകയെന്നാൽ ഞാൻ സമയത്തെ എന്തിനാണ് ഉപയോഗിക്കുന്നതെന്ന ബോധ്യമാണ്. ശുഭ സങ്കല്പങ്ങൾക്കും വാക്കുകൾക്കും പ്രവൃത്തികൾക്കുമായി ഞാൻ സമയം ചെലവഴിക്കുമ്പോൾ, ഞാൻ ധാരാളം സമയം ലാഭിക്കുന്നു. മാത്രമല്ല, അതിൽ നിന്നും പരമാവധി ഫലം ലഭിക്കുമെന്ന് എനിക്ക് ഉറപ്പുമുണ്ട്.

ദിവ്യബുദ്ധിയിലൂടെ സർവ്വ സിദ്ധികളും പ്രാപ്തമാക്കുവാനാണ് സിദ്ധിസ്വരൂപസ്ഥിതി.



# ജീവിത മൂല്യങ്ങൾ

ബി.കെ.സുരേന്ദ്രൻ, ബംഗലൂർ

മൂല്യങ്ങൾ ഇല്ലാത്ത ജീവിതം മൃഗസമാനമാണ്. മൂല്യച്യുതി ഉണ്ടായിക്കൊണ്ടിരിക്കുകയാണെന്ന് സർവ്വരും സമ്മതിക്കുന്നു. പക്ഷെ മൂല്യങ്ങൾ എന്താണെന്നും അതിനെ ജീവിതത്തിൽ വളർത്തേണ്ടത് എങ്ങനെയാണെന്നും ആർക്കും അറിഞ്ഞുകൂടാ. നല്ല അഭ്യസ്ഥ വിദ്യരായുള്ള അനുഭവസമ്പന്നരായ ആളുകളാണ് കൂടുതലും വലിയ വലിയ തെറ്റുകൾ ചെയ്യുന്നത്. യഥാർത്ഥത്തിൽ മൂല്യങ്ങൾ എന്നാൽ ഗുണങ്ങൾ എന്നാണ് നാം മനസ്സിലാക്കേണ്ടത്. ഈ ഗുണങ്ങളാണ് നമ്മുടെ ജീവിത്തത്തിന് മൂല്യങ്ങൾ കൂട്ടുന്നത്. ഗുണങ്ങൾ ഇല്ലെങ്കിൽ ആ സ്ഥാനത്ത് അതിനുപകരം അവഗുണങ്ങൾ അല്ലെങ്കിൽ ദുർ ഗുണങ്ങളാണ് നിറയുക. അങ്ങനെ നോക്കുമ്പോൾ സത്യം ഇല്ലെങ്കിൽ അസത്യം, വിശ്വസ്തതയില്ലെങ്കിൽ അവിശ്വാസം, വഞ്ചന, ചതിവ്, കബളിപ്പിക്കൽ, വെറുപ്പ്, എതിർപ്പ് തുടങ്ങിയ പല പല അവഗുണങ്ങൾ ഉണ്ടായിരിക്കും. അവഗുണങ്ങൾ എല്ലാ മേഖലയിലും നമുക്ക് കാണാവുന്നതാണ്. അക്ഷരാഭ്യാസം ഉണ്ടാകുന്നത് നല്ലതാണ്. എന്നാൽ ഓരോ വ്യക്തികളിലും വളർത്തിയെടുക്കേണ്ട അടിസ്ഥാന തലത്തിൽ ഉണ്ടായിരിക്കേണ്ട ചില സ്വഭാവ വിശേഷതകളെപ്പറ്റിയും ചിന്തിക്കേണ്ട സമയം അതിക്രമിച്ചു പോയിരിക്കുകയാണ്. ഒരു വ്യക്തിയിൽ കുറഞ്ഞത് യഥാർത്ഥ സ്നേഹം, സഹകരണം, സഹതാപം, സത്യം, ശാന്തി, സഹനശീലത, ന്യായം, മര്യാദകൾ, സഭ്യത ഇത്യാദി ഗുണങ്ങൾ ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്. ഇതെല്ലാം ഉള്ള വ്യക്തികളെ വാർത്തെടുക്കുകയാണെങ്കിൽ ലോകത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സാധിക്കും. വ്യക്തികളിലൂടെയാണ് കുടുംബവും, സമൂഹവും, ലോകവും ഉണ്ടാകുന്നത്.

മേൽപറഞ്ഞ അടിസ്ഥാന ഗുണങ്ങളെ വ്യക്തികളിൽ വളർത്തണമെങ്കിൽ അദ്ധ്യാത്മിക അസ്ഥിത്വത്തിന്റെ അറിവും അത്യാവശ്യമാണ്. ഞാൻ ആത്മാവാണ് ശരീരമല്ല ആത്മാവിൽ സദ്ഗുണങ്ങളാണ് അടങ്ങിയിരിക്കുന്നത് എന്ന് മനസ്സിലാക്കിയാൽ ആത്മാവിന്റെ യഥാർത്ഥ വിശേഷതകൾ പ്രത്യക്ഷമാകാൻ തുടങ്ങും. ഗുണങ്ങളാണ് ആത്മാവിന്റെ യഥാർത്ഥ സമ്പത്ത്. ആ സമ്പത്തിന്റെ അംശമാണ് യഥാർത്ഥ മാനസിക ശക്തിയും, സുഖവും, സമാധാനവും, സുരക്ഷയും.

**മലയാളത്തിലെ ആദ്യ ആദ്ധ്യാത്മിക ഇ-മാഗസിനായ ഹവിസ്സ് തനതായ കലാസൃഷ്ടികൾ ക്ഷണിക്കുന്നു**

ഒരു പേജിൽ കൂടാത്ത ലേഖനങ്ങൾ, കവിതകൾ, കഥകൾ... എന്നിവ മലയാളത്തിൽ ടൈപ്പ് ചെയ്ത് havissmonthly@gmail.com എന്ന വിലാസത്തിൽ അയക്കുക.



# സ്നേഹം

ബി.കെ. ശോഭാദേവി, തിരുവനന്തപുരം

ഒരു കൊച്ചു സങ്കല്പമായെങ്കിൽ ഞാൻ
നിൻ മനസ്സിൻ ഒരു കോണിൽ തങ്ങിയേനെ
ഒരു കൊച്ചു നാദമായ് തീർന്നെങ്കിൽ ഞാൻ
നിൻ നിശബ്ദതയിൽ സ്വയം അലിഞ്ഞേനെ

എന്നുള്ളിൽ നീ മാത്രമായെങ്കിലോ
നിൻ ഭാവങ്ങളെന്നിൽ പകർന്നേനെ
ഭാവങ്ങളെല്ലാം ഒന്നിക്കിലോ
ഞാനും നിന്നെപ്പോലായേനെ

ബ്രഹത്താം നിൻ ഹൃത്തിലെത്തിയാലോ
ആ സ്നേഹത്തിൽ സാന്ത്വനം ആയേനെ
ചിപ്പിതൻ ഉള്ളിലെ മുത്തുപോലെൻ സ്നേഹം
നിന്നുള്ളിൽ മാത്രമിരുന്നേനെ

Brahma Kumaris® “Peace of Mind” Global Channel - Info-Edutainment NewsChannel. No Advertisement..

"Peace of Mind" Channel
FRQ: 4054, POL: H, SYM: 13230, INSAT: 4A
Request Cable Operators today
"C" Band with Mpeg4 Receiver can see FREE LIVE
http://pmtv.in, pmtv@bkmail.org
SMS to 56161 bktv (Your MSG), +91 9960588432, 8104777111



# വിടരുവാൻ വെമ്പുന്ന മനസ്സുകൾ

ഡോ. വത്സലൻ നായർ, മൗണ്ട് ആബു

സ്വാതന്ത്ര്യം നമ്മുടെ ജന്മാവകാശമാണ്. സ്വാതന്ത്ര്യം ആഗ്രഹിക്കാത്തവരായി നമ്മിൽ ആരും തന്നെ ഉണ്ടാകില്ല. പക്ഷേ, അവകാശം ആഗ്രഹമായി പരിമിതപ്പെട്ടാലോ? ഇതാണ് നമുക്ക് ഇന്ന് സംഭവിച്ചിരിക്കുന്നത്. അറിഞ്ഞോ, അറിയാതെയോ നാം എന്തിനെല്ലാമോ അടിമപ്പെട്ടു പോയിരിക്കുന്നു. അവകാശങ്ങളെ തിരിച്ചറിയുവാനോ, ആഗ്രഹങ്ങളെ സഫലീകരിക്കുവാനോ പലപ്പോഴും നമുക്ക് കഴിയാതെ വരുന്നു. നമ്മുടെ ബോധതലം നമുക്ക് തന്നെ ബോധ്യം വരാത്ത വിധം വികൃതമായിരിക്കുന്നു. വ്യക്തമായില്ലെന്നുണ്ടോ? അതേ, നമ്മുടെ മാനസിക നില തകരാറിലായിരിക്കുന്നു, അത്ര തന്നെ. വെറുതെ പറയുന്നതല്ല. 2010 സപ്തംബറിൽ ലോകാരോഗ്യ സംഘടന പുറത്തു വിട്ട കണക്കു പ്രകാരം 4500 ലക്ഷം പേർ മാനസിക രോഗങ്ങളാൽ ബുദ്ധിമുട്ടുന്നു. അതായത് നാം കണ്ടുമുട്ടുന്ന 150 പേരിൽ ഒരാൾ മാനസിക രോഗിയാണെന്നർത്ഥം. ഇത് അംഗീകരിക്കപ്പെട്ട മാനസിക രോഗികളുടെ കഥ. അംഗീകരിക്കപ്പെടാത്തവരുടെ കാര്യമോ?

ഒരിക്കൽ നിരന്തര ഛർദ്ദിയുമായി നീണ്ടു മെലിഞ്ഞ ഒരു 18 കാരി ചികിത്സക്കെത്തി. ഒരു വർഷത്തോളമായി ഇടയ്ക്കിടയ്ക്ക് ഈ ബുദ്ധിമുട്ടുണ്ടു പോലും. അനേകം ചികിത്സകൾ ചെയ്തു. എന്നെ കാണുന്നതിനു മുമ്പ് 2 ആഴ്ച മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഈ ബുദ്ധിമുട്ടു കാരണം ചികിത്സയിലായിരുന്നു. മരുന്നുകൾ കഴിക്കുമ്പോൾ കുറയും, കുറച്ചു നാൾ കഴിഞ്ഞാൽ വീണ്ടും വരും. 2–3 ആഴ്ച കഴിഞ്ഞേ മാറൂ. കഴിഞ്ഞ ഒരു വർഷത്തിനകം ആ കുട്ടിയുടെ ആന്തരാവയവങ്ങളുടെ ആകാവുന്ന ടെസ്റ്റുകളൊക്കെ നടത്തിയ റിപ്പോർട്ടും അവരുടെ പക്കലുണ്ട്. എല്ലാ അവയവങ്ങളും ശരിയായി പ്രവർത്തിക്കുന്നു. ഇനി എന്താണ് ഡോക്ടർ ചെയ്യുവാനുള്ളത്? നാട്ടിൻ പുറത്തിന്റെ നന്മയുള്ള സാധാരണക്കാർ. അവർക്ക് ഡോക്ടർ ദൈവതുല്യൻ. അച്ഛനും സഹോദരന്മാരും ഒക്കെ ആകാംക്ഷയോടെ എന്നെ നോക്കി നിൽക്കുകയാണ്. വളരെ പ്രതീക്ഷയോടെയാണ് അവർ എത്തിയിരിക്കുന്നത്.

ബന്ധുജനങ്ങളിൽ നിന്നും പരിതസ്ഥിതികൾ മനസ്സിലാക്കി ഞാൻ കുട്ടിയുമായി സംസാരിച്ചു തുടങ്ങി. പരിചയക്കുറവു കൊണ്ടാകാം അവൾ അധികം വിട്ടു പറയുന്നില്ല. സമയം നീളുന്നതനുസരിച്ച് ഞങ്ങൾ കൂടുതൽ കൂടുതൽ അടുത്തു. നീണ്ട രണ്ടു മണിക്കൂറുകൾക്കു ശേഷം ആശയുടെ കിരണങ്ങൾ കണ്ടു തുടങ്ങി. പെൺകുട്ടിയ്ക്ക് വിവാഹാലോചനകൾ നിരന്തരം വരുന്നു. രോഗം ആദ്യമായി വന്നത് ആദ്യ വിവാഹാലോചനയ്ക്ക് ശേഷം. രോഗത്തിന്റെ ആവർത്തനങ്ങളും വിവാഹാലോചനകളുമായി നിരന്തര ബന്ധം. കൂടുതൽ ചികഞ്ഞു ചോദിച്ചപ്പോൾ പൂച്ച പുറത്തു ചാടി. കുട്ടി ഒരാളെ പ്രണയിക്കുന്നു. അയാളെ വിവാഹം കഴിക്കുവാൻ ആഗ്രഹിക്കുന്നു. പയ്യന്റെ വീട്ടുകാർക്ക് എതിർപ്പ്. പരിഹാരം ഉണ്ടാക്കാം എന്ന വാക്കു കൊടുത്തപ്പോൾ കുട്ടിയ്ക്ക് വലിയ ആശ്വാസം. സഹോദരനെ വിളിച്ച് മാററി നിർത്തി ചോദിച്ചു, കുട്ടിയ്ക്ക് ആരുമായെങ്കിലും അടുപ്പം? ഇല്ല, അയാൾക്ക് ഉറപ്പ്. അവൾ വീട്ടിനു പുറത്തിറങ്ങാറില്ല. ആകെ പോകുന്നത് ഞായറാഴ്ച പള്ളിയിൽ മാത്രം. അതും ഞങ്ങൾ ആരെങ്കിലും ഒപ്പം ഉണ്ടാകും. ആ കാലത്ത് മൊബൈൽ ഫോൺ പ്രണയങ്ങളൊന്നും തുടങ്ങിയിട്ടില്ലാത്തതിനാൽ അതിനും സാധ്യതയില്ല. ശരി. പരിഹാരം ഉണ്ടാക്കാം എന്നു പറഞ്ഞ് ഞാൻ വീണ്ടും കുട്ടിയുടെ അടുത്തെത്തി. അവൾക്ക് ഇപ്പോൾ എന്നിൽ നന്നേ വിശ്വാസം വന്നിരിക്കുന്നു. പയ്യന്റെ കൂടുതൽ വിവരങ്ങൾ അവൾ നൽകി. സഹോദരന്റെ സുഹൃത്ത്. പേര് ജയിംസ്. അവരുടെ വീട്ടിൽ നിന്നും പള്ളിയിലേയ്ക്ക് പോകുന്ന വഴിയിലാണ് അയാളുടെ വീട്. ശരി. ഒക്കെ ശരിയാക്കാം. കുട്ടിയ്ക്ക് കൂടുതൽ ആശ്വാസം. സഹോദരന്റെ ഒരു സുഹൃത്തും എന്റെ മുൻ പരിചയക്കാരനുമായ ഒരാളാണ് അവരെ എന്റെ അടുക്കൽ കൂട്ടിക്കൊണ്ടു വന്നത്. അയാളെ വിളിച്ച് ഈ പയ്യന്റെ കാര്യങ്ങൾ തിരക്കി. കുട്ടി പറഞ്ഞ വിവരങ്ങൾ ശരിയാണ്. ജയിംസ് അവരുടെ സുഹൃത്താണ്. അയാൾ ഒരു കമ്പനിയിൽ മാനേജരാണ്. പെൺകുട്ടിയുടെ വീട്ടുകാരെക്കാളും വളരെ ഉയർന്ന സാമ്പത്തികസ്ഥിതിയിലുള്ളവർ. ഒരു കാര്യം

അയാൾ തറപ്പിച്ചു പറഞ്ഞു. ജയിംസ് ഈ കുട്ടിയെ പ്രണയിക്കുന്നില്ല. കാരണം? ഞാൻ തിരക്കി. ഇവർ തമ്മിൽ ഒരിക്കലും നേരിൽ കാണാൻ വഴിയില്ല, അതു തന്നെ. ഞങ്ങൾ സുഹൃത്തുക്കൾ ഒരിക്കലും ഈ പെൺകുട്ടിയുടെ വീട്ടിൽ ഒത്തുകൂടിയിട്ടുമില്ല. ഞാൻ വീണ്ടും പെൺകുട്ടിയുടെ അടുത്തേയ്ക്ക്. "ജയിംസിനെ എന്നാണ് ആദ്യമായി കണ്ടത്?" ഞാൻ അവളോട് തിരക്കി. "ഒരിക്കൽ സഹോദരനെ അന്വേഷിച്ച് വന്നിരുന്നു. അപ്പോൾ ഒരു മിന്നായം പോലെ കണ്ടു. യഥാർത്ഥത്തിൽ ജയിംസ് തന്നെ കാണുവാനാണ് വന്നത്. പിന്നീടൊരിക്കലും വന്നിട്ടില്ല. പള്ളിയിൽ പോകുമ്പോൾ അവരുടെ വീട്ടിലേയ്ക്ക് നോക്കാറുണ്ട്, പക്ഷേ, അവരുടെ വീട്ടുകാർക്ക് ഇഷ്ടമില്ലാത്തതിനാൽ ജയിംസിനെ എവിടെയോ ഒളിപ്പിച്ചിരിക്കുകയാണ്, ഒരിക്കലും കാണാറില്ല." ഞാൻ ദീർഘശ്വാസം വിട്ടു. ജീവിതത്തിൽ ഒരിക്കൽ മാത്രം മിന്നായം പോലെ കണ്ടിട്ടുള്ള ഒരാളുമായി തോന്നിയ ഏകപക്ഷീയ പ്രണയം. ബാക്കിയെല്ലാം മനസ്സിന്റെ ഭാവനയിൽ വിരിഞ്ഞ ചിത്രങ്ങൾ. കാര്യങ്ങൾ എല്ലാവർക്കും ബോധ്യപ്പെട്ടപ്പോൾ വലിയ ആശ്വാസം. രണ്ടാഴ്ചത്തേയ്ക്കുള്ള മരുന്ന് കൊടുത്തു വിട്ടു. ഇന്ന് വിവാഹിതയായി സുഖമായി കഴിയുന്ന അവൾക്ക് പിന്നീടൊരിക്കലും അത്തരം ഛർദ്ദി ഉണ്ടായിട്ടില്ല. ഈ കുട്ടി അംഗീകരിക്കപ്പെട്ട മാനസിക രോഗിയല്ല.

ഇങ്ങനെ അംഗീകരിക്കപ്പെടാത്ത മാനസിക രോഗികൾ എത്ര അധികം! മാനസിക ആരോഗ്യം നമ്മുടെ ആരോഗ്യത്തിന്റെ ഒഴിച്ചുകൂടാനാവാത്ത ഒരു ഘടകമാണ്. മാനസിക ആരോഗ്യം മാനസിക രോഗങ്ങളുടെ പരിമിതികൾക്കും വളരെ അപ്പുറമുള്ള സന്തുലിതമായ സമചിത്തതയാണ്. ഭഗവദ് ഗീതയിൽ പറയുന്ന സ്ഥിരപ്രജ്ഞന്റെ അവസ്ഥ വരെ എത്തിയില്ലെങ്കിലും, ഈ പറഞ്ഞ സമചിത്തത തന്നെ നമ്മിൽ എത്ര പേർക്കുണ്ട്? എന്താണ് ഇതിനൊരു പരിഹാരം?

ഒരു ഒററമൂലി നിർദ്ദേശിക്കാം. ഉള്ളു നിറയ്ക്കുക നന്മയാലും, മൂല്യങ്ങളാലും, സദ്ഭാവനയാലും. ഉള്ളിലെ വാക്വം (കാലിയായ അവസ്ഥ) ആണ് മനസ്സിന്റെ എല്ലാ അസന്തുലിത അവസ്ഥയ്ക്കും കാരണം. അതിനാൽ പ്രശ്നങ്ങളെ പ്രശ്നങ്ങളായും പ്രശ്നക്കാരെ പ്രശ്നക്കാരായും കാണാതിരിക്കൂ. വിവേകത്തോടെ പരിഹാരങ്ങൾ തേടൂ. അടച്ചിട്ടിരിക്കുന്ന വാതിലുകൾ തുറക്കുവാൻ അവരെ സഹായിക്കൂ. അവിടെ നന്മയുടെ പ്രകാശം നിറയ്ക്കൂ. സ്വയം ശക്തിസ്തംഭമായി അനേകർക്ക് വഴികാട്ടിയാകൂ. ലോകാ സമസ്താ സുഖിനോ ഭവന്തുഃ ആദ്ധ്യാത്മികമായ ഈ ഉയർന്ന കാഴ്ചപ്പാടാണ് ഭാരതത്തിന്റെ മഹത്വം. ശാത്രീയമായ എല്ലാ പുരോഗതികൾക്കിടയിലും പരിഹാരങ്ങൾക്കായി പാശ്ചാത്യർ ഭാരതത്തെ ഉററു നോക്കുന്നതും ഇതിനാലാണ്. നീണ്ടയാത്രയ്ക്കിടയിൽ നമുക്ക് ഈ ആദ്ധ്യാത്മികമായ അറിവ് കൈമോശം വന്നിരിക്കുന്നു. വീണ്ടും ഈ തിരിച്ചറിവ് നമുക്കുണ്ടാകുമ്പോൾ നാം കണികണ്ടുയരുന്നത് എന്നും സുഖവും ശാന്തിയും സമൃദ്ധിയും നിറയുന്ന, സന്തോഷത്തിന്റെ പൂത്തിരികൾ തെളിയുന്ന സ്വർണ്ണിമയുഗമാകും.

**ഓർമ്മിക്കൂ-** മറ്റുള്ളവരോട് ക്ഷമിക്കാത്തവരോട് ധർമ്മരാജനും ക്ഷമിക്കുകയില്ല. പരോപകാരം ചെയ്യാത്തവരുടെ സ്വഉപകാരവും ഉയർച്ചയും ഉണ്ടാകില്ല. ഉദാരചിത്തരായി മറ്റുള്ളവരെ സന്തോഷിപ്പിക്കാത്തവരുടെ ചിത്തവും സന്തോഷത്തിന്റെ ഖജനാവിൽ നിന്നും വഞ്ചിതമാകും. ഭയപ്പെടുത്തുകയും അപമാനിക്കുകയും ചെയ്യുന്നവരെ മറ്റുള്ളവർ ഭയം കാരണം ഒരു പക്ഷെ കുറച്ചുനാൾ അംഗീകരിച്ചേക്കാം, എന്നാൽ അവരുടെ അന്തരാത്മാവ് ഇവരെ മാനിക്കുവാൻ യോഗ്യരായി അംഗീകരിക്കുകയില്ല, തുറന്ന മനസ്സോടെ ബഹുമാനിക്കത്തക്കവരായി മനസ്സിലാക്കുകയില്ല. മറ്റുള്ളവർക്ക് ഉയരാൻ അവസരം കൊടുക്കുന്നവർക്ക് ഉന്നതി ഉണ്ടായിക്കൊണ്ടിരിക്കും, മറ്റുള്ളവർ മുന്നേറുന്നത് കണ്ട് അങ്ങനെയുള്ളവർ സന്തോഷിക്കും, അവരുടെ സന്തോഷത്തിന്റെ വേളകൾ എപ്പോഴും വർദ്ധിച്ചുകൊണ്ടിരിക്കും. ഇളയവർക്ക് സ്നേഹം കൊടുക്കണം, മുതിർന്നവർക്ക് ബഹുമാനം കൊടുക്കണം, സമത്തിലുള്ളവർക്ക് കൂട്ട് കൊടുക്കണം, എല്ലാവരോടും സദ്ഭാവന പുലർത്തണം- ഈ യുക്തിയിലൂടെ മുക്തി കിട്ടുന്നു, പ്രീതി വർദ്ധിക്കുന്നതിന്റെ നയം ഇതാണ്, ഇതാണ് ശ്രേഷ്ഠ പെരുമാറ്റത്തിന്റെ അടിത്തറ.



# ശുഭപാഠം

ഒരു സ്ത്രീ തന്റെ കുടുംബാംഗങ്ങൾക്കായി നിത്യവും ഭക്ഷണം പാകം ചെയ്തുവന്നിരുന്നു, അതിൽ ഒരു ചപ്പാത്തി അതുവഴി കടന്നുപോകുന്ന ഏതെങ്കിലും വിശക്കുന്നവർക്കായി ഉണ്ടാക്കിവയ്ക്കുമായിരുന്നു, ആ ചപ്പാത്തി ജനലരികത്ത് വയ്ക്കാറുണ്ടായിരുന്നു, അത് ആർക്കും എടുക്കാമായിരുന്നു.

ഒരു കൂനനായ വ്യക്തി ദിവസവും ആ ചപ്പാത്തി എടുത്തുകൊണ്ട് പോകുമായിരുന്നു നന്ദി പറയുന്നതിനായി പോകുന്ന വഴി ഇങ്ങനെ പറയുമായിരുന്നു "നിങ്ങൾ മോശമായി എന്ത് ചെയ്താലും അത് നിങ്ങളോടൊപ്പമുണ്ടാകും, നിങ്ങൾ നല്ലത് ചെയ്താൽ അത് നിങ്ങളുടെയടുത്തേക്ക് തന്നെ മടങ്ങി വരും." ദിവസങ്ങൾ കടന്നു പോയി ആ സ്ത്രീ അയാളുടെ ഈ പ്രവൃത്തിയിൽ പരവശയായി, സ്വയം തന്നോട് തന്നെ പറഞ്ഞു "എന്തൊരു വ്യക്തിയാണ്, ഒരു നന്ദി വാക്ക് പറയുന്നില്ല, പകരം പറയുന്നതെന്തെന്ന് മനസ്സിലാകുന്നുമില്ല", ഒരു ദിവസം ദേഷ്യത്താൽ അവർ ഒരു തീരുമാനം എടുത്തു എന്നിട്ട് പറഞ്ഞു "ഞാൻ ഈ കൂനനിൽ നിന്ന് മുക്തമാകുക തന്നെ ചെയ്യും."എന്നിട്ട് അവരെന്താണ് ചെയ്തതെന്നോ അവർ നിത്യേന ഉണ്ടാക്കി വന്ന ആ ചപ്പാത്തിയിൽ വിഷം കലർത്തി, എന്നിട്ട് ആ ചപ്പാത്തി ജനലിൽ വയ്ക്കാൻ ശ്രമിച്ചപ്പോൾ അവരുടെ കൈ പെട്ടെന്ന് വിറയ്ക്കാൻ തുടങ്ങി, അത് അവിടെ വയ്ക്കാതെ അവർ പറഞ്ഞു"ഈശ്വരാ ഞാൻ ഇതെന്താണ് ചെയ്യാൻ പോയത്?" എന്നിട്ട് ഉടനെ അവർ ആ ചപ്പാത്തി അടുപ്പിലെ തീയിലിട്ട് കത്തിച്ചുകളഞ്ഞു. ഒരു പുതിയ ചപ്പാത്തി ഉണ്ടാക്കി ജനലിൽ വച്ചു, ദിവസേനയെന്നതു പോലെ ആ കൂനൻവന്നു ചപ്പാത്തി എടുത്തു." നിങ്ങൾ മോശമായി എന്ത് ചെയ്താലും അത് നിങ്ങളുടെ കൂടെയിരിക്കും, നിങ്ങൾ നല്ലത് ചെയ്താൽ അത് നിങ്ങളുടെയടുത്തേക്ക് തന്നെ മടങ്ങി വരും."എന്നു പറഞ്ഞുകൊണ്ട്, ആ സ്ത്രീയുടെ മനസ്സിൽ എന്തായിരുന്നു എന്ന് മനസ്സിലാക്കാതെ നടന്നു പോയി. ദിവസവും ജനലിൽ ചപ്പാത്തി വയ്ക്കുമ്പോൾ അവർ ഭഗവാനോട് തന്റെ മകന്റെ സുരക്ഷയ്ക്കും, നല്ല ആരോഗ്യത്തിനും വീട്ടിലേക്ക് മടങ്ങി വരുന്നതിനുമായി പ്രാർത്ഥിക്കുമായിരുന്നു. അവൻ തന്റെ ഭാവി ശോഭനമാക്കുന്നതിനായി അകലെയെവിടയോ പോയിരിക്കുകയായിരുന്നു. മാസങ്ങളായി ആ മകന്റെ യാതൊരു വിവരവും ഇല്ലായിരുന്നു. വൈകുന്നേരം ആരോ അവരുടെ വാതിലിൽ മുട്ടി, വാതിൽ തുറന്ന അവർ അതിശയപ്പെട്ടുപോയി. സ്വന്തം മകൻ മുന്നിൽ നിൽക്കുന്നതാണ് കണ്ടത്. അവൻ മെലിഞ്ഞു ക്ഷീണിച്ചിരുന്നു, വസ്ത്രങ്ങൾ കീറിയിരുന്നു, വിശപ്പുകാരണം തളർന്നിരുന്നു. അമ്മയെ കണ്ട ഉടനെ അയാൾ പറഞ്ഞു, "അമ്മേ, ഞാൻ ഇവിടെ നിൽക്കുന്നത് തന്നെ ഒരു അത്ഭുതമാണ്. ഞാൻ ഇവിടെ നിന്ന് ഒരു മൈൽ ദൂരെ വച്ച് വിശന്ന് തളർന്നു വീണ് മരിക്കാറായി, അപ്പോൾ ഒരു കൂനൻ ആ വഴിക്ക് കടന്നുപോയി, അയാൾ എന്നെ കണ്ടു, അയാൾ എന്നെ അയാളുടെ മടിയിലേക്ക് എടുത്തു കിടത്തി, വിശപ്പുകാരണം പ്രാണൻ പോകാറായ ഞാൻ അയാളോട് എന്തെങ്കിലും തരാൻ അപേക്ഷിച്ചു, അയാൾ നിസ്സങ്കോചം തന്റെ ചപ്പാത്തി എനിക്ക് നൽകി എന്നിട്ട് പറഞ്ഞു "ഞാൻ ദിവസവും ഇതാണ് കഴിക്കുന്നത് എന്നാൽ ഇന്ന് എന്നെക്കാൾ കൂടുതൽ അത്യാവശ്യം നിങ്ങൾക്കാണ്, അതിനാൽ ഇത് എടുത്തുകൊള്ളൂ, എന്നിട്ട് വിശപ്പകറ്റൂ.

മകൻ പറഞ്ഞതുകേട്ട് അമ്മയുടെ മുഖം വിളറിപ്പോയി അവർ കതകിൽ ചാരി നിന്നു. രാവിലെ

ചപ്പാത്തിയിൽ വിഷം കലർത്തിയത് അവരുടെ മനസ്സിൽ കടന്നുവന്നു. അവർ ആ ചപ്പാത്തി തീയിലിട്ട് നശിപ്പിച്ചില്ലായിരുന്നുവെങ്കിൽ അവരുടെ മകൻ ആ ചപ്പാത്തി കഴിക്കുമായിരുന്നു, അതിന്റെ ഫലമായി അയാൾ മരിക്കുമായിരുന്നു. അതിനുശേഷം ആ കൂനന്റെ വാക്കുകളുടെ അർത്ഥം അവർക്ക് സ്പഷ്ടമായി മനസ്സിലായി.

**"നിങ്ങൾ മോശമായി എന്ത് ചെയ്താലും അത് നിങ്ങളോടൊപ്പമുണ്ടാകും, നിങ്ങൾ നല്ലത് ചെയ്താൽ അത് നിങ്ങളുടെയടുത്തേക്ക് തന്നെ മടങ്ങി വരും."** ഗുണപാഠം: എപ്പോഴും മനുഷ്യൻ സ്വന്തം കാര്യമാണ് ചിന്തിക്കുന്നത്, ഒരിക്കല്ലെങ്കിലും നിസ്വാർത്ഥരായി പ്രവർത്തിക്കുകയാണെങ്കിൽ ഈശ്വരൻ ആ പ്രാർത്ഥന കേൾക്കും. പലപ്പോഴും ചില പ്രവർത്തികൾക്ക് ശേഷം മനുഷ്യൻ അതിന്റെ ഫലത്തിനായി പ്രതീക്ഷിക്കുന്നു, നിസ്വാർത്ഥ ഭാവത്തിലൂടെ ചെയ്ത കർമ്മവും സേവനവും മനുഷ്യന്റെ ജീവിതത്തിൽ സുഗന്ധം നിറയ്ക്കുന്നു. അതിലൂടെ ആത്മാവിൽ തൃപ്തിയും, സുഖവും, സ്നേഹവും ത്യാഗത്തിന്റെ ഭാവനയും നിറയുന്നു.

പ്രകൃതിയുടെ നിയമം വളരെ വ്യത്യസ്തമായതാണ് എന്താണൊ നൽകുന്നത് അത് ഇരട്ടിയായി തിരികെ ലഭിക്കും, ചിന്തിക്കേണ്ടത് ഇതാണ്-സ്നേഹവും, സേവനവും ആണോ അതോ വെറുപ്പാണോ പങ്കുവയ്ക്കേണ്ടത്?



# ജീവിതം 16 കലാ സമ്പന്നം

## സന്തുഷ്ടരും തൃപ്തരും ആകുന്നതിനുള്ള കല

സ്വയം സദാ പ്രസന്നചിത്തരായിരിക്കുക എന്നതും ഒരു വലിയ കലയാണ്. വളരെ കുറച്ചു പേർക്കു മാത്രമേ ഏതൊരു പരിതസ്ഥിതിയിലും സന്തുഷ്ടരായിരിക്കുവാൻ സാധിക്കാറുള്ളൂ. ബഹുഭൂരിപക്ഷത്തിന്റെയും മൂഡ് പോകുവാൻ പ്രത്യേക കാരണങ്ങൾ പോലും ആവശ്യമില്ല. എന്നാൽ രാജയോഗി ജീവിതശൈലി പിന്തുടരുന്ന ഒരു വ്യക്തിയ്ക്ക് നിന്ദയിലും സ്തുതിയിലും, മാനാപമാനങ്ങളിലും, നഷ്ടത്തിലും ലാഭത്തിലും ഏകരസ സ്ഥിതിയിൽ ഇരിക്കുവാൻ സാധിക്കും.

സദാ പ്രസന്ന ചിത്തരായിരിക്കുവാൻ മുഖ്യമായി 6 കാര്യങ്ങളിൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു:

1. ജ്ഞാനയുക്തമായ അഥവാ ശരിയായ കാഴ്ചപ്പാട്
2. അന്യരെ നോക്കാതെ സദാ സ്വന്തം അവസ്ഥ ശ്രദ്ധിക്കുക
3. അപകാരം ചെയ്യുന്നവരെക്കുറിച്ചു പോലും ഉപകാര ഭാവന നിലനിർത്തുക
4. ഈ ലോക ജീവിതം പൂർവ്വ നിശ്ചിതമായ ഒരു നാടകമാണെന്നും ഓരോ സംഭവങ്ങളും നടക്കേണ്ടതു തന്നെയാണെന്നും നമ്മുടെ തന്നെ പൂർവ്വ കർമ്മങ്ങളുടെ അനന്തര ഫലമാണെന്നും മനസ്സിലാക്കുക
5. സാക്ഷിയായി കാര്യങ്ങളെ കാണുക
6. ഈ ലോക ജീവിതത്തെ ഒരു മഹാവൃക്ഷമായി സങ്കല്പിച്ച് അതിന്റെ സതോ, രജോ, തമോ അവസ്ഥ കളെ അറിഞ്ഞ് വിപരീതമായി ചിന്തിക്കുന്നവരെക്കുറിച്ചു പോലും വെറുപ്പു കാട്ടാതിരിക്കുക

തുടരും......



# അലസതയും അതിജീവനവും

**ബി.കെ. ജഗദീഷ് ചന്ദ്ര ഹസീജ**
മുൻ മുഖ്യ വക്താവ്, ബ്രഹ്മാകുമാരീസ്.

1. ക്ഷീണത്തിന് അലസതയുമായി സംബന്ധം ഉണ്ടോ? അലസത ശരീരത്തിന്റെയാണോ മനസ്സിന്റെയാണോ? ശരീരം വേദനിക്കുന്നു, തല കറങ്ങുന്നു, ഇതെല്ലാം ആരോഗ്യ കാരണങ്ങളോ അതോ മറ്റെന്തെങ്കിലുമാണോ?

2. ചിലർ ഒന്നോ രണ്ടോ കാര്യങ്ങൾ ചെയ്തിട്ട് പറയും ഇനി ഞങ്ങളെക്കൊണ്ട് കഴിയില്ല, ആരോഗ്യമുള്ള മറ്റാരോടെങ്കിലും പറയൂ.

3. സഹയോഗം നൽകാതിരിക്കുക– ഇത് അവരുടെ അലസതയാണൊ അതോ ദിവ്യഗുണങ്ങളുടെ കുറവാണോ കാരണം. ഈർഷ്യ വരുന്നു, ഞാൻ ഇവർക്ക് സഹയോഗം നൽകിയാൽ ഇവരുടെ പേര് പ്രശസ്തമാകും, ഒരുതവണ എല്ലാപേർക്കും മനസ്സിലാകട്ടെ എന്റെ സഹയോഗം ഇല്ലാതെ എങ്ങനെ കാര്യം നടക്കുമെന്ന്. ഇത് ഈർഷ്യയോ വിദ്വേഷമോ ആണോ അതോ അലസതയാണോ?

4. ഉറക്കം വരുന്നു–ഉറക്കഗുളികയോ മറ്റോ കഴിക്കുന്നുണ്ടോ, അതോ രോഗം അങ്ങനെയുള്ളതാണോ? ഈ കാര്യം ചെയ്ത് തരൂ എന്ന് പറയുമ്പോൾ അവർ ആരോഗ്യമുള്ളവരും ഉന്മേഷവാന്മാരുമായിട്ടും അവർ ഉറക്കം വരുന്നു എന്ന് പറയും. ഇത് അലസതയാണോ?

5. ചിലർ കാര്യങ്ങൾ പൂർണ്ണമനസ്സോടെ ചെയ്യുന്നില്ല, അത് നാമമാത്രമായി ചെയ്യുന്നു, ഇത് അലസതയാണോ? അവർക്ക് തിരക്കുണ്ടായിട്ടല്ല. അവർക്ക് സമയം ഉണ്ട് എന്നിട്ടും. അലസത ഒരു പ്രകാരത്തിലേതാണോ അതോ അനേകപ്രകാരത്തിലുണ്ടോ? ഇത് ആ വ്യക്തിയുടെ സ്വഭാവമാണോ അതോ ക്ഷണികമാണോ? ചിലരെ പ്രതി പറയാറുണ്ട് ഇവർ അലസനാണ്. അതിനർത്ഥം അവരുടെ സ്വഭാവം അങ്ങനെയാണ് എന്നാണ്.

6. ചിലർ സാധാരണയായി ഊർജ്ജസ്വലരായിരിക്കും എന്നാൽ ചില ദിവസങ്ങളിൽ അവരും ഉദാസീനരാകുന്നു. ചിലർ മനസ്സിലാക്കാറുണ്ട് ഇത് ഞങ്ങളുടെ അലസതയാണ് എന്നാൽ അറിഞ്ഞിട്ടും അതിനെ അകറ്റാനാവുന്നില്ല, ധൈര്യം ഇല്ലാത്തതാണ് കാരണം. മനസ്സിൽ വിചാരിക്കും ഈ ജോലി ചെയ്യണം, പിന്നെ കരുതും പിന്നീടാകട്ടെ. ഇവിടെ അവധിയൊന്നും ഇല്ല. ഇപ്പോൾ എനിക്ക് മൂഡില്ല. കുറച്ച് കളിചിരിയിലൂടെ ശരിയാകും. ഇതിനെ അലസത എന്ന് പറയുമോ? ജീവിതത്തിൽ കുറച്ച് നേരമ്പോക്ക് വേണമെന്നാണ് അവർ ചിന്തിക്കുന്നത് അല്ലെങ്കിൽ ജീവിതം വരണ്ടു പോകും. ഇപ്രകാരം ചിന്തിക്കുന്നതും അലസതയാണ്. മുകളിൽ നിന്ന് നോക്കിയാൽ സമതലമെന്ന് തോന്നും എന്നാൽ കാല്വച്ചാൽ ചതുപ്പാണ്. അലസതയുടെ സൂക്ഷ്മ സ്വരൂപത്തിന്റെ അറിവ് വേണം എന്തുകൊണ്ടെന്നാൽ ഇത് സാധകരുടെ വളരെ വലിയ ശത്രുവാണ്. തന്റെ കർത്തവ്യം ചെയ്യാത്തവർ, ആദ്ധ്യാത്മിക സാധന ചെയ്യാത്തവർ അവരും കുംഭകർണ്ണന്മാരാണ്. തമാശകൾ പറഞ്ഞ് സമയം നഷ്ടമാക്കുക, ഓരോരുത്തരുടെയടുത്തിരുന്ന് പൊങ്ങച്ചം പറയുക, പ്രത്യേകിച്ച് ഒന്നും ചെയ്യാതിരിക്കുക വെറുതെ സമയം തള്ളിനീക്കികൊണ്ടിരിക്കുക. ഒന്നും ചെയ്യാനില്ല. ഇതിനെ അലസതയെന്നും പറയും. അലസത അതായത് മന്ദതയും മധുരമായ വിഷമാണ്. എലി കടിക്കുന്നതു പോലെയാണത്, കടിക്കുകയാണെന്ന് മനസ്സിലാവില്ല. കീറിയ കീശ പോലെയാണ് അലസത. നേടിയ സമ്പാദ്യവും സമ്പത്തും കൊള്ളയടിക്കുന്നു. സംസാരിക്കുവാനും, ചിരിക്കുവാനും, കളിക്കുവാനും, ഇതിനാണ് ജീവിതമെന്നു തോന്നും. കമ്പ്യൂട്ടറിൽ വൈറസ്സ് വന്നാൽ അത് ഇല്ലാതാക്കാൻ എത്ര പ്രയാസമാണ്, അതുപോലെ അലസത ഒരു തവണ മനുഷ്യനിൽ കടന്നാൽ അത് ഇല്ലാതാക്കാൻ വളരെ പ്രയാസമാണ്. ഇത് തുരുമ്പ് പിടിക്കുന്നതുപോലെയാണ്.

അലസത ഒരു പ്രകാരത്തിലുള്ള നിർജ്ജീവതയാണ്. ഒരാളുടെ ശരീരത്തിൽ ചലനം ഇല്ലെങ്കിൽ ജീവനുണ്ടായിരുന്നിട്ടും അർദ്ധജഡം പോലെയാണ്, യന്ത്രം അനങ്ങാതിരിക്കുന്നതുപോലെ. അലസതയുടെ രോഗം പിടിപെടുകയാണെങ്കിൽ ബുദ്ധി ചലിക്കുകയില്ല. അത് ജഡതുല്യമാകുന്നു. ബാബ പറയുന്നു കുട്ടികളെ സേവനത്തിൽ എല്ലുകളെല്ലാം സ്വാഹാ ചെയ്യൂ. എല്ലുകൾ സ്വാഹാ ചെയ്യുന്നത് പോയിട്ട് ചിലരാകട്ടെ, അല്പം പോലും സേവനം ചെയ്യുന്നില്ല. സഹൃത്തുക്കൾ അലസരാണെങ്കിൽ കൂടെയുള്ളവർക്ക് അയാൾ ഭാരമായി അനുഭവപ്പെടുന്നു, നല്ലവരായി തോന്നുന്നില്ല. ഭാവി, ഭാഗ്യം ഓട്ടയുള്ള ശോഭനമല്ലാത്തവരുടെ അവസ്ഥ ഇതാണ്. സേവനം ചെയ്യുക എന്നാൽ

ഭാവി ഉയർന്നതാക്കലാണ്, സമയം സഫലമാക്കണം എന്തുകൊണ്ടെന്നാൽ സേവനം ശ്രേഷ്ഠ കർമ്മമാണ്. സംഗമയുഗത്തിലെ ഏതൊരു ശ്രേഷ്ഠ കർമ്മവും 21 ജന്മത്തിന്റെ ഫലം നൽകും. മറ്റുള്ളവരെ നോക്കരുത്. താങ്കൾ ഏത് കർമ്മം ചെയ്യുകയാണെങ്കിൽ സമ്പന്നമാകും. ചെയ്യുന്നില്ലെങ്കിൽ അന്ത്യം മോശമാകും. എന്നുനോക്കൂ അപ്പോ കുറഞ്ഞത് ഈ ആശ്വാസം എങ്കിലും ഉണ്ടാകും.ഞാൻ എന്തെങ്കിലും ചെയ്തിട്ടുണ്ട്. അലസത ഉപേക്ഷിച്ച് ഊർജ്ജസ്വലരായിരിക്കൂ, മനോരഞ്ജനത്തിലിരിക്കൂ. മാനവന് സേവനം പരമ ധർമ്മമാണ്. താങ്കൾ ഒറ്റയ്ക്ക് കാര്യം ചെയ്തു കൊണ്ടിരിക്കുന്ന വെന്ന് കരുതുക, താങ്കൾക്ക് അറിയാം എല്ലാവരും ഉറങ്ങിക്കഴിഞ്ഞു, അപ്പോൾ ചിന്തിക്കും ഇനി എനിക്കും ഉറങ്ങാം, ബാക്കി പിന്നീട് ചെയ്യാം. എന്താ ഇത് അലസത അല്ലേ? സംക്ഷിപ്തമായി അലസതയെ ഇങ്ങനെ വ്യാഖ്യാനിക്കാം, ഏതെങ്കിലും കാര്യംചെയ്യുന്നതിനായി നമ്മളിൽ ശാരീരികവും മാനസികവുമായ ക്ഷമതയും, സമയവും, സാധനവും ഉണ്ടായിരുന്നിട്ടും നാം അത് ചെയ്യുന്നില്ലെങ്കിൽ അത് അലസതയാണ്. ശക്തിക്കനുസരിച്ച് ഹൃദയപൂർവ്വം പരിശ്രമിക്കുക, അപൂർണ്ണമായി ഉപേക്ഷിക്കാതിരിക്കുക, സമ്പൂർണ്ണമായി ചെയ്യുക, തന്റെ ക്ഷമതയ്ക്കനുസരിച്ച് കാര്യം ചെയ്യുക, കാര്യങ്ങൾ പാതിയിൽ ഉപേക്ഷിക്കാതിരിക്കുക ഇതിനെ ഉത്സാഹമെന്ന് പറയും. പലപ്പോഴും അലസതയ്ക്ക് ശാരീരിക കാരണങ്ങളും ഉണ്ട്. അമിതമായ ആഹാരവും വ്യായാമം ചെയ്യാതിരിക്കുകയും ചെയ്യുന്നതിലൂടെ ഗ്യാസ് ഉണ്ടാകുന്നു. വ്യക്തിയുടെ സ്വഭാവം അലസതയുടേതാകില്ല എന്നാൽ ശരീരത്തെ സംരക്ഷിക്കുന്നതിനുള്ള ശരിയായ അറിവ് ഇല്ലാത്തത് കാരണം അലസരാകുന്നു. തീവ്രപുരുഷാർത്ഥികൾ അലസതയെ ഓടിച്ച് സേവനത്തിൽ മുഴുകുന്നു. നല്ല പുരുഷാർത്ഥികളായവർ അലസത തന്നെ കീഴടക്കാൻ അനുവദിക്കുകയില്ല. പിന്നെ ചില സ്ഥലങ്ങളിലെ അന്തരീക്ഷവും ആഗ്രഹിക്കാതെ തന്നെ വ്യക്തിയെ അലസനാകുന്നതാണ്. ഉത്തരവാദിത്വമുള്ള വ്യക്തി കാരണങ്ങളെ കാണാതെ, കാര്യങ്ങൾ ചെയ്യുന്നു. അവരെ ഉത്സാഹമുള്ള വ്യക്തികളെന്ന് പറയും. താത്പര്യമില്ലാത്തതിനാൽ ഏതെങ്കിലും കാര്യം ചെയ്യുന്നില്ലെങ്കിൽ അത് അലസതയല്ല. പ്രതിഫലത്തിന്റെയും ഭാഗ്യത്തിന്റെയും ഉണർവ്വുണ്ടാക്കി അവരിൽ താത്പര്യം ജനിപ്പിക്കുന്നുവെങ്കിൽ അവർ മടിയന്മാരിൽ നിന്ന് ഊർജ്ജസ്വലരാകും.



# സഹജ രാജയോഗം

**ബി.കെ. അനിൽ, തിരുവനന്തപുരം**

ജ്ഞാനയോഗം, ഭക്തിയോഗം, കർമ്മയോഗം, രാജയോഗം തുടങ്ങിയ പേരുകളിൽ പ്രസിദ്ധമായിരിക്കുന്ന യോഗശാസ്ത്രങ്ങളുടെയെല്ലാം ആത്യന്തികമായ ലക്ഷ്യം മനുഷ്യനെ പരിപൂർണ്ണതയുടെ അവസ്ഥയിൽ എത്തിക്കുക എന്നതാണ്. ഇവയിൽ രാജയോഗത്തെ സർവ്വ യോഗങ്ങളുടെയും രാജാവായി കണക്കാക്കുന്നു. നമ്മുടെ ഉള്ളിൽ അന്തർലീനമായിരിക്കുന്ന ശക്തികളെയും ചൈതന്യത്തെയും ഉണർത്തുകയും വികസിപ്പിക്കുകയും ചെയ്ത് ഉത്കൃഷ്ടമായ അവസ്ഥയിൽ എത്തിക്കുന്നതിന് സഹായിക്കുന്ന ശ്രേഷ്ഠവും ഉത്തമവും, ആർക്കും സഹജമായി അഭ്യസിക്കാൻ കഴിയുന്നതുമായ വിധിയാണിത് എന്നതാണ് ഇതിന്റെ പ്രത്യേകത. അതിലുമുപരി ജീവാത്മാവിനെ പരമാത്മാവുമായി യോജിപ്പിച്ച് ആത്മാനുഭൂതിയും ഈശ്വരാനുഭൂതിയും അനുഭവവേദ്യമാക്കുക എന്ന സർവ്വോത്കൃഷ്ടമായ സാധനയും ഇതിലടങ്ങുന്നു.

രാജയോഗം എന്നത് ഒരു അഭ്യസനം മാത്രമല്ല, എന്നാൽ ഒരു ജീവിതക്രമം കൂടിയാണ്. ഇതിന്റെ ഉന്നതമായ നേട്ടങ്ങൾ നമ്മുടെ ജീവിതത്തിലുണ്ടാകുന്നതിനുവേണ്ടി അടിസ്ഥാനപരമായി അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ ഏതെല്ലാമാണ് എന്ന് നമുക്ക് വിശകലനം ചെയ്യാം.

### മനുഷ്യന്റെ മൂല പ്രകൃതം എന്താണ്?

മനുഷ്യന്റെ ശാന്തിയുടെയും സുഖത്തിന്റെയും അവസ്ഥയെ നിശ്ചയിക്കുന്ന ഘടകങ്ങൾ ഏതെല്ലാമാണ്? മനുഷ്യന്റെ ദുഃഖങ്ങൾക്കും പീഢകൾക്കും കാരണമെന്താണ് ? ജീവിതത്തിന്റെ അർത്ഥമെന്താണ്? ഈ ജന്മത്തിനും മുമ്പ് മറ്റൊരു ജന്മമുണ്ടോ? മൃത്യു എന്നത് എന്താണ്, അതിനുശേഷവും ജന്മങ്ങളുണ്ടോ? മനുഷ്യന്റെ ജന്മം ഒരു പ്രത്യേക സാഹചര്യത്തിൽ, ഒരു പ്രത്യേക സാമ്പത്തിക ചുറ്റുപാടിൽ, ഒരു പ്രത്യേക മാതാ-പിതാക്കളുടെ ഗൃഹത്തിൽ എന്തുകൊണ്ട് ഉണ്ടാകുന്നു? കർമ്മസിദ്ധാന്തം സത്യമാണോ? ഈശ്വരൻ എന്ന പരമമായ ശക്തി ആരാണ്? ഈശ്വരന്റെ ദിവ്യ വാസസ്ഥാനം, ദിവ്യ ഗുണങ്ങളും ശക്തികളും, ഈശ്വരന്റെ ദിവ്യ കർത്തവ്യം തുടങ്ങിയവയുടെ യഥാർത്ഥ ജ്ഞാനം എന്താണ്? സൃഷ്ടിയുടെ ആദി-മദ്ധ്യ-അന്ത്യങ്ങളുടെ രഹസ്യമെന്ത്? ഈ കാര്യങ്ങളുടെ സ്പഷ്ടമായ അറിവ് ലഭിക്കുമ്പോൾ രാജയോഗത്തിന്റെ പാതയിലൂടെ സഞ്ചരിച്ച് പരിപൂർണ്ണതയിൽ എത്തിച്ചേരുവാനുള്ള നമ്മുടെ പ്രയാണം ആരംഭിക്കുകയായി.

തുടരും......






# രാമ-രാവണ യുദ്ധം

ബി.കെ. രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം

യുദ്ധം ജീവിതത്തിൽ എന്തു പരിവർത്തനമാണ് ഉണ്ടാക്കുന്നത്? എങ്ങനെയാണ്, എന്തിനോടാണ് യുദ്ധം? നിലനിൽപിന്റെ ഈ സുവ്യവസ്ഥിതിയോട് നമ്മൾ ഓരോരുത്തരും കടപ്പെട്ട് കടന്നുപോവുകയാണ്. ഇതിൽ ആരു ജയിക്കുന്നു, ആരു തോൽക്കുന്നു, കാലം നയിക്കുന്ന ഈ ധർമ്മയുദ്ധത്തിൽ നാം ഓരോരുത്തരും രാമ-രാവണ യുദ്ധം നടത്തിപ്പോരുകയാണ്.

തന്റെയും, തന്റെ സമൂഹത്തിന്റെയും സുഗമമായ നിലനിൽപ്പിനെ ഏതൊന്നാണോ നശിപ്പിക്കുന്നത് അതിനെ ഇല്ലാതാക്കി സ്ഥിതി പൂർവ്വാധികം ഭംഗിയാക്കി തിരിച്ചുകൊണ്ടു വരുന്നതിനെയാണ് യുദ്ധമെന്ന മഹത്കർമ്മം കൊണ്ട് ഉദ്ദേശിക്കുന്നത്. അതു മനസ്സിനോടും, ശരീരത്തോടും, ലോകനീതിയോടുമാണ്. ഇവിടെ രാമൻ രാവണനോടാണ് യുദ്ധം ചെയ്യുന്നത്. ജീവജാലങ്ങളുടെ നിലനിൽപ്പിന് ഇണ അത്യാവശ്യമാണ്. അതായത് തന്റെ ഭാര്യയോടൊപ്പം ജീവിക്കുക എന്ന അവകാശമാണത്. അത് മറ്റൊരാൾ തട്ടിയെടുത്താൽ അത് തിരിച്ചു പിടിക്കുകയെന്നത് യുദ്ധമാണ്. അതാണ് രാമൻ ഇവിടെ ചെയ്യുന്നത്. അതിനുവേണ്ടി ഏതു ധർമ്മമാണോ, എന്തു യുക്തിയാണോ വേണ്ടത് അത് വളരെ പ്രസക്തമാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് വിജയവും, പരാജയവും ഉണ്ടാകുന്നത്. ആത്മാവിന് ശരീരം കൂടാതെ ജീവിക്കുക അസാദ്ധ്യമാണ്. അതായത് രാമന് സീത കൂടാതെ ജീവിക്കുക സാദ്ധ്യമല്ലാത്തതാണ്. ഇതു തന്നെയാണ് രാമായണ കഥയുടെ പൊരുൾ.

യുദ്ധത്തിന്റെ വിജയ രഹസ്യമെന്താണ്? യുദ്ധം ആരോടാണ് ചെയ്യുന്നത്, തന്റെ ശത്രുവാരാണ്? ഈ അറിവ് വേണം. രണ്ടാമതായി എങ്ങനെയാണ് ശത്രുവിനോട് പൊരുതേണ്ടത്? അതിന് ബുദ്ധിപരമായും, കായികപരമായും തനിക്കെത്ര കഴിവുണ്ട്. മൂന്നാമതായി, അതിന് താൻ ആരെയാണ് സഹായിയാക്കേണ്ടത്. ഈ മൂന്നു കാര്യവും അത്യന്താപോക്ഷിതമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വേണം യുദ്ധം തുടങ്ങാൻ. ഇവിടെ തന്റെ ജീവിതാവകാശമായ ശരീരമാണ്, സീതയാണ് മോഷ്ടിക്കപ്പെടുന്നത്. അതുകൊണ്ട് തന്നെ ശരീര ശാസ്ത്രത്തിന്റെ അറിവു വേണം. ശരീരത്തിന്റെ ശാസ്ത്രമാണ് അസ്ഥിരത, ചപലത, ഇതു രണ്ടും ബോദ്ധ്യപ്പെടുത്തുന്ന ജീവിയാണ് കുരങ്ങൻ. അതിനാൽ കുരങ്ങിനെ തന്നെ രാമൻ സഹായിയാക്കുകയാണ്. അതുപോലെ കുരങ്ങിന്റെ ശരീര സ്നേഹവും പ്രസിദ്ധമാണ്. തന്നെ കൊത്താൻ വന്ന പാമ്പിനെ കയ്യിൽ പിടിച്ച് കുരങ്ങൻ നിന്നു. പിടിവിട്ടാൽ പാമ്പു കടിക്കും. കുരങ്ങൻ മരിക്കും. അതുകൊണ്ട് കുരങ്ങൻ പിടിവിട്ടില്ല. പിടിയിലമർന്ന പാമ്പ് അങ്ങനെ തന്നെ ഇരുന്നു ചത്തു. കുരങ്ങനും മരണഭീതിയിൽ, പിടിവിടാതെ, ആഹാരമൊന്നും കഴിക്കാതെ അനേക നാളിരുന്ന്

ദയനീയമായി മരണപ്പെടുന്നു. കുരങ്ങന്റെ ശരീരസ്നേഹം ഇതിലധികം എങ്ങനെയാണ് വരച്ചുകാട്ടുക.

ഇനിയാണ് തന്റെ ശത്രുവിനെ നേരിടേണ്ടത്. രാമൻ തന്റെ ആവനാഴിയിലെ ഓരോ അമ്പും രാവണനെ നിഗ്രഹിക്കുവാനായി എയ്യുകയാണ്. ഓരോ ശിരസ്സും അറ്റുവീഴുന്നു. എന്നാൽ രാവണൻ പൂർവ്വാധികം ശക്തിയായി എഴുന്നേറ്റുവരികയാണുണ്ടായത്. ഇവിടെയാണ് പ്രതിയോഗിയുടെ ബലം കായികം കൊണ്ടു നേരിടാൻ കഴിയില്ലായെങ്കിൽ, ബുദ്ധികൊണ്ടു നേരിടേണ്ടി വരുന്നത്. വിഭീഷണന്റെ വരവ് അപ്പോഴാണ്. ഭീഷണിപ്പെടുത്താൻ സാദ്ധ്യമല്ലാത്തവൻ (ബുദ്ധിയുടെ മർമ്മമറിഞ്ഞവൻ) അതായത് എന്ത് എവിടെ നിന്നാണോ ആദ്യം ഉണ്ടാവുക,അതിന്റെ ഉറവിടം തന്നെ നശിപ്പിച്ചുകളയുക അതിന്റെ നാഭിയിൽ നിന്നു തന്നെ ഇല്ലാതാക്കുക, പൊക്കിൾകൊടി ബന്ധം മുറിച്ചുകളയുക, ഇതാണ് ശാശ്വതപരിഹാരം. രാവണനെന്ന് ദുർവികാരങ്ങളെയാണ് ഉദ്ദേശിക്കുന്നത് (കാമം, ക്രോധം, മോഹം, മദം, മാത്സര്യം) ഇതാണ് ശത്രു. ജീവിത വിജയത്തിന് തടസ്സം നിൽക്കുന്നത്. ശരീരത്തെ രോഗിയാക്കുന്നത്, ശരീരത്തെ മോഷ്ടിക്കുന്ന ശത്രു. ജയത്തിനു വേണ്ടി ഒരു വികാരത്തെ ഇല്ലാതാക്കുമ്പോൾ മറ്റുവികാരങ്ങൾ ഓരോന്നായി തലപൊക്കുന്നു. ഏതൊന്നിനെയാണോ ഇല്ലാതാക്കാൻ ശ്രമിക്കുന്നത് അതിനെ അതിന്റെ ഉറവിടത്തിൽ നിന്നു തന്നെ നശിപ്പിക്കുക, ഇല്ലാതാക്കുക. ഇതിനാലാണ് രാമൻ രാവണന്റെ നാഭിയിൽത്തനെ അമ്പെയ്യുന്നതും, രാവണനിഗ്രഹം സാദ്ധ്യമാകുന്നതും.



## ഈശ്വരീയ സേവനം കേരളത്തിൽ

**ബി.കെ. രഘുനാഥൻ മാമ്പള്ളി, ചാത്തന്നൂർ**



രാജ്യരക്ഷാ മന്ത്രി ശ്രീ ഏ.കെ. ആന്റണിയ്ക്ക് ഈശ്വരീയ ഉപഹാരം നൽകിക്കൊണ്ട് കൊല്ലം ബ്രഹ്മാകുമാരീസ് സഹോദരിമാരായ ബി.കെ. രഞ്ജിനിയും ബി.കെ. ജ്യോതിർബിന്ദുവും. ഡി.സി.സി. പ്രസിഡന്റ് ഡോ. പ്രതാപ വർമ്മ തമ്പാൻ, കെ.പി.സി.സി. വനിതാ വിഭാഗം അദ്ധ്യക്ഷ അഡ്വ. ബിന്ദു കൃഷ്ണ എന്നിവരെയും കാണാം.




**സമയത്തിന്റെ കാഹളം**

മാർച്ച് 12 ന് രാവിലെ തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്ത് ദ്വാദശ ജ്യോതിർലിംഗ ദർശനത്തിന്റെ സമാപന സമ്മേളനത്തോടനബന്ധിച്ച് സംഘടിപ്പിച്ച സമയത്തിന്റെ കാഹളം ചർച്ചയുടെ ഉദ്ഘാടനം ചെയ്തു കൊണ്ട് ബഹു. കേരള മുഖ്യമന്ത്രി ശ്രീ ഉമ്മൻചാണ്ടി. ശ്രീ ശക്തൻ, കേരള നിയമസഭ ഡെപ്യൂട്ടി സ്പീക്കർ, അഡ്വ: കെ. എൻ. എ. ഖാദർ എം എൽ എ, ബ്രഹ്മാകുമാരി മിനി എന്നിവരും പങ്കെടുത്തു.